കേരള സർക്കാർ

.

# വേങ്ങൂർ ഗ്രാമപഞ്ചായത്ത്

## 2018-19

## ഓഡിറ്റ് റിപ്പോർട്ട്

.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
website:www.lfa.kerala.gov.in
e-mail:doekm.ksad@kerala.gov.in

.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റുചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം(പി.2)275/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271
email:-doekm.ksad@kerala.gov.in
തീയതി:16.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്,
വേങ്ങൂർ ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം:- വേങ്ങൂർ ഗ്രാമപഞ്ചായത്ത്-2018-19 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

.

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇകെഎം(പി.2)275/2020 തീയതി: 16.03.2020

## എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2018 മുതൽ 31.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ലഭിച്ച മറുപടി പരിഗണിച്ചതിനു ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | വിനോദ് കെ കെ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 04-01-2020 മുതൽ 18-01-2020 വരെ | ശ്രീമതി ഷേർളി പീറ്റർ ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ) |
| | ശ്രീ സന്തോഷ് കുമാർ കെ വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഷൈബി ഇ. ഡി. സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ നവാസ് സി.എം. സീനിയർ ഗ്രേഡ് ഓഡിറ്റർ |

.

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | എം.എം.ഷാജി | 01-4-2018 മുതൽ 31-3-2019വരെ |

2) സെക്രട്ടറി

| | |
|---|---|
| ശ്രീ എൻ എം മോഹനൻ | 01-4-2018 മുതൽ 31-3-2019വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ.ഫിലിപ് ജി. കാണാട്ട് | 01-4-2018 മുതൽ 31-3-2019വരെ |
| 2 | വെറ്ററിനറി സർജൻ | ശ്രീമതി ആശാലത ഇ എസ് | 01-4-2018 മുതൽ 31-3-2019വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സിജി | 01-4-2018 മുതൽ 31-3-2019വരെ |
| 4 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | ഡോ.ഇ.സൈനബ | 01-4-2018 മുതൽ 31-3-2019വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം). | ഡോ.പി. കെ. ലത | 01-4-2018 മുതൽ 31-3-2019വരെ |
| 6 | ഹെഡ്മാസ്റ്റർ | ശ്രീമതി.ആശാലത എം | 01-4-2018 മുതൽ 31-3-2019വരെ |
| 7 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി അമ്പിളി കെ.കെ | 01-4-2018 മുതൽ 31-3-2019വരെ |
| 8 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കൊമ്പനാട്) | ശ്രീ മുകുൾ എസ്.വി | 01-4-2018 മുതൽ 31-3-2019വരെ |
| | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വേങ്ങൂർ) | ശ്രീ പ്രശോഭ് കെ പി | 01-4-2018 മുതൽ 31-3-2019വരെ |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ സുരേഷ് എസ് | 01-4-2018 മുതൽ 31-3-2019വരെ |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ ബിന്ദുജ കെ എസ് | 01-4-2018 മുതൽ 31-3-2019വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം (R&P പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഗുണഭോക്തൃ വിഹിതം യഥാസമയം പഞ്ചായത്തിൽ അടച്ചില്ല. | 1-12 |
| 13 | കെട്ടിട നിർമ്മാണാനുമതി-അപാകതകൾ | 1-13 |
| 14 | കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട് - തുക കൈമാറിയത് ചെലവഴിച്ചില്ല. | 1-14 |
| 15 | തെങ്ങിൻ തൈ വിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ -ചെലവ് തുക 200000 രൂപ തടസ്സപ്പെടുത്തുന്നു. | 1-15 |
| 16 | മുട്ടക്കോഴി വിതരണം-അനർഹർക്ക് ആനുകൂല്യം നൽകി | 1-16 |
| 17 | പാലിയേറ്റിവ് കെയർ രോഗീ ബന്ധു സംഗമം -ചെലവുകൾ മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-17 |
| 18 | പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗരേഖകൾ ലഭ്യമാക്കുന്നില്ല | 1-18 |
| 19 | തൊഴിലുറപ്പ് പദ്ധതി-അവലോകനം | 1-19 |
| 20 | വളർത്ത് നായകൾക്ക് ലൈസൻസ് ഉറപ്പ് വരുത്തുന്നില്ല. | 1-20 |
| 21 | പ്രളയക്കെടുതി ഡോക്യുമെന്റേഷൻ | 1-21 |

| | | |
|---|---|---|
| 22 | വെള്ളക്കരം അടവാക്കിയത് കുടിശ്ശിക ഡിമാന്റിൽ നിന്ന് കുറവ് ചെയ്തില്ല | 1-22 |
| 23 | ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് തുക അടവാക്കി | 1-23 |
| | ഭാഗം 2 | |
| 24 | കെട്ടിട നിർമ്മാണാനുമതി-ഫീസ് ഈടാക്കിയതിൽ കുറവ് | 2-1 |
| | ഭാഗം 3 : ഇല്ല | |
| | ഭാഗം 4 | |
| 25 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം. | 4-1 |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 29 | വായ്പ തിരിച്ചടവിന്റെ വിവരം | 4-5 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 31 | ഓഡിറ്റ് റിക്കവറി | 4-7 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 33 | ചാർജ്ജ് സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 34 | ഓഡിറ്റ് പ്രത്യവലോകനം- | 4-10 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 37 | ബാലൻസ് ഷീറ്റ്, റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്,<br>ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26.03.2018 തീയതിയിലെ 1 /1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 23.02.2019 തീയതിയിലെ 2(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 20.07.2019 |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5971748 |
| വരവ് | 113837135 |
| ആകെ | 119808883 |
| ചെലവ് | 106441304 |
| നീക്കിയിരിപ്പ് | 13367579 |

# 1-4 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | ACR പ്രകാരം വരവ് തുക | ആകെ | ചെലവ് തുക | ചെലവഴിക്കാതെ പോയ തുക/ നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 26854087 | 26854087 | 26710666 | 143421 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5477000 | 5477000 | 4037533 | 1439467 |
| വികസന ഫണ്ട് (ടി.എസ്. പി) | 0 | 764000 | 764000 | 759768 | 4232 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 0 | 20620000 | 20620000 | 20009457 | 610543 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5469000 | 5469000 | 5128920 | 340080 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 12855000 | 12855000 | 8876652 | 3978348 |
| കെ. എൽ. ജി. എസ്.ഡി. പി | 0 | 0 | 0 | 0 | 0 |
| എം.എൻ ആർ.ഇ. ജി.എസ്. (തൊഴിലാളികളുടെ കൂലി) | 0 | 28116828 | 28116828 | 28116828 | 0 |
| എം.എൻ ആർ.ഇ. ജി.എസ്. ( അഡ്മിനിസ്റ്റേറ്റീവ് ചെലവ്) | 11847 | *760838 | 772685 | 294975 | 477710 |
| ബി. ഫണ്ട്(തൊഴിൽ രഹിത വേതനം, വിധവകളുടെ പെൺ | 0 | 264960 | 264960 | 264960 | 0 |

| | | | | | |
|---|---|---|---|---|---|
| മക്കളുടെ വിവാഹ ധനസഹായം, തൊഴിലുറപ്പ്- ഇൻസെന്റീവ്, നെൽകൃഷി ഇൻസെന്റീവ്) | | | | | |
| സാനിട്ടേഷൻ അക്കൗണ്ട് | 12331 | 927 | 13258 | 0 | 13258 |
| SCBഭവനം | 71170 | 53708 | 124878 | 0 | 124878 |
| SCB ബഡ്സ് സ്കൂൾ | 274652 | 197487 | 472139 | 445433 | 26706 |
| SBI ജനകീയ ഭവനം & KURDFC | 275536 | 10770036 | 11045572 | 10744195 | 301377 |
| BOI സാക്ഷരത | 2010 | 0 | 2010 | 0 | 2010 |
| BOIഅഗതി | 786 | 0 | 786 | 0 | 786 |
| SBI KPDY പെൻഷൻ അക്കൗണ്ട് | 1911010 | 2861216 | 4772226 | 1569481 | 3202745 |
| ജോയിന്റ് വെഞ്ചർ(ബ്ലോക്ക്) | 0 | 4569179 | **4569179 | 3846434 | 722745 |
| ജോയിന്റ് വെഞ്ചർ (ജില്ലാ വിഹിതം) | 0 | ***5514086 | 5514086 | 5453800 | 60286 |
| SCB തനത് ഫണ്ട് | 2536334 | 6390271 | 8926605 | 5753336 | 3173269 |
| ഇ പേയ്മെന്റ്-SBI KPDY | 36081 | 208043 | 244124 | 649 | 243475 |
| ജനറൽ പർപ്പസ് ഫണ്ട് STSB TRY | 651230 | 16310722 | 16961952 | 12354535 | 4607417 |
| SCB ദുരിതാശ്വാസ നിധി | 106251 | 242088 | 348339 | 108000 | 240339 |

1.*RP 31 ലെ തുക(749883)യോടൊപ്പം 4177/-രൂപ പലിശ, 6778/-രൂപയുടെ Stale Cheque എന്നിവ ഉൾപ്പെട്ടിരിക്കുന്നു.

2.**RP 31 ലെ തുകയോടൊപ്പം 791820/-രൂപ Redemption തുക കൂടി ഉൾപ്പെട്ടിരിക്കുന്നു.

3.***473800/-രൂപ STSB own fund ൽ വരികയും എന്നാൽ ചെലവ് STSB joint venture ൽ നിന്ന് ചെയ്യുകയും ചെയ്തു. സംയുക്ത പദ്ധതികൾക്ക് ലഭിച്ചതിൽ joint venture account ൽ നിന്നും വ്യത്യാസമുള്ള തുക തനത് ഫണ്ട് അക്കൗണ്ടുകളിലായാണ് സൂക്ഷിച്ചിട്ടുള്ളത്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 186 | 148085002 | 140 | 91679296 | 8 | 38 | 75.26 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1. 53/19 ബ്രോയ് ലർ യൂണിറ്റ് വനിതകൾക്ക്
2. 181/19 അങ്കണവാടികളിലും സ്കൂളുകളിലും മാലിന്യസംസ്കരണ യൂണിറ്റും ബയോഗ്യാസ് പ്ലാന്റും സ്ഥാപിക്കൽ

3. 184/19 കായിക വികസനം

4. 185/19 മേയ്ക്കപ്പാല എൽ പി എസ് അടുക്കള നിർമ്മാണം

5. 190/19 പാണിയേലിപോരിൽ പൊതുശൗചാലയം

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11847 | 760838 | 772685 | 294975 | 477710 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | ---- | 28116828 | 28116828 | 28116828 | ----- |
| ആകെ | 11847 | 28877666 | 28889513 | 28411803 | 477710 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 36960 | 23 |
| കർഷകതൊഴിലാളി പെൻഷൻ | 14680800 | 1140 |
| വിധവാപെൻഷൻ | 8988300 | 763 |
| വാർദ്ധക്യകാലപെൻഷൻ | 15579500 | 1304 |
| വികലാംഗപെൻഷൻ | 3535500 | 283 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 605200 | 49 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90000 | 3 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.02.2020 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 49579/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചതിന്റെ ഭാഗമായി ഫയലുകളും രജിസ്ററുകളും സൂക്ഷിക്കുന്നുണ്ട്. ആഭ്യന്തര നിയന്ത്രണത്തിന്റെ വിലയിരുത്തൽ ചുവടെ ചേർക്കുന്നു. പഞ്ചായത്തിൽ ഐ.എസ്.ഒ. ലഭിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളായ മാനേജ്മെന്റ് റിവ്യൂ മീറ്റിംഗ്, ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ്, കംപ്ലയിന്റ് ഹാൻഡ് ലിംഗ് തുടങ്ങി പതിനഞ്ചോളം ഇനങ്ങൾക്കായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (എസ്.ഒ.പി) തയ്യാറാക്കിയിട്ടുള്ളത് പഞ്ചായത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ സഹായിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രവർത്തനം സംബന്ധിച്ച് നടത്തിയ പൗരസർവ്വേയിലെ നിർദ്ദേശങ്ങൾക്കും വിമർശനങ്ങൾക്കും അനുസരിച്ച് മാറ്റങ്ങൾ വരുത്താൻ പഞ്ചായത്ത് തയ്യാറായിട്ടുണ്ട് എന്ന് പരിശോധനയിൽ വ്യക്തമായി. പഞ്ചായത്ത് ഓഫീസിൽ വിവിധ സേവനങ്ങൾ ആവശ്യപ്പെട്ട് എത്തുന്ന പൊതുജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളോടെയുള്ള ഫ്രണ്ട് ഓഫീസ് സംവിധാനം മുതൽ സേവനാവകാശ നിയമം അടിസ്ഥാനമാക്കി നൽകുന്ന സേവനങ്ങൾ വരെ മെച്ചപ്പെടുത്തിയിട്ടുണ്ട്.

(1) ഫ്രണ്ട് ഓഫീസ് സംവിധാനം

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്.ഫ്രണ്ട് ഓഫീസ് ഡയറി എഴുതി സൂക്ഷിക്കുന്നുണ്ട്. ഫയലുകളുടെ തീർപ്പാക്കൽ ഫലപ്രദമായി നിരീക്ഷിക്കാൻ സൂചിക പ്രയോജനപ്പെടുത്തുന്നുണ്ട്.

(3) കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്ററർ

പഞ്ചായത്തിലെ കെട്ടിടാനുമതി രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 02.12.2015 ലെ 12900/ആർ എ 1/2015/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷകൾ ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറന്റ് നമ്പറിന്റെ ക്രമത്തിൽ തന്നെ കെട്ടിട നിർമ്മാണാനുമതി രജിസ്റ്ററിൽ ചേർക്കേണ്ടതും തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിലെ കെട്ടിട നിർമ്മാണാനുമതി രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 വർഷത്തിൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം രേഖപ്പെടുത്തലുകൾ കൃത്യമായി വരുത്തിയിട്ടില്ല. റെഗുലറൈസേഷൻ അപേക്ഷയിലെ കെട്ടിടത്തിന്റെ വിസ്തീർണ്ണം, തറ വിസ്തീർണ്ണാനുപാതം എന്നീ അവശ്യ വിവരങ്ങളും, ഫീസ് ഉൾപ്പെടെയുള്ള വിവരങ്ങളും ചേർത്ത് അനുമതി നൽകിയതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.01.2020 | 01.10.2019മുതൽ 31.12.2019വരെ | 27.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.01.2014 മുതൽ 22.01.2014 വരെ | 2006-07 മുതൽ 2012-13 വരെ | 26.02.2014 |

## 1-11 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ചിരിക്കുന്ന ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-12 ഗുണഭോക്തൃ വിഹിതം യഥാസമയം പഞ്ചായത്തിൽ അടച്ചില്ല.

വെറ്റിനറി സർജന് ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിക്കുവാൻ വേണ്ടി നൽകിയ രസീതുകൾ പരിശോധിച്ചതിൽ രസീത് ബുക്ക് നം. 3937 ലെ നം. 66 മുതൽ 76 വരെയുള്ള രസീതുകൾ പ്രകാരം 05.03.2019 ൽ പിരിച്ച 5500 രൂപ ഗ്രാമ പഞ്ചായത്തിൽ അടച്ചിരിക്കുന്നത് 26.03.2019 തീയതിയിലാണ് (സാംഖ്യാ രസീത് നം. 118050105017/ 26-03-2019). 05.03.2019 ൽ പിരിച്ച തുക തൊട്ടടുത്ത പ്രവൃത്തി ദിവസം ഗ്രാമ പഞ്ചായത്തിൽ അടക്കാതെ 26-03-2019 വരെ കൈവശം വച്ചിരിക്കയാണ് ചെയ്തിരിക്കുന്നത്. കേരള ഫിനാൻഷ്യൽ കോഡ് അനുഛേദം 7(2) പ്രകാരം ഓരോ ഓഫീസറുടേയും കളക്ഷൻ തൊട്ടടുത്ത പ്രവൃത്തി ദിവസം അടക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1 ന് ലഭ്യമാക്കിയ മറുപടിയിൽ കളക്ഷൻ രജിസ്റ്ററിൽ ചേർത്തത് ശ്രദ്ധയിൽ പെടാതെ പോയതാണ് ഇപ്രകാരം സംഭവിച്ചത് എന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിലും ആയത് യഥാസമയം ഗ്രാമപഞ്ചായത്തിൽ അടയ്ക്കുന്നതിലും നിർവ്വഹണ ഉദ്യോഗസ്ഥൻ ജാഗ്രത കാണിക്കേണ്ടതാണ്.

രസീതുകളുടെയും കളക്ഷൻ രജിസ്റ്ററിന്റേയും പരിപാലനത്തിൽ ചുവടെ ചേർക്കുന്ന

അപാകതകൾ ഉണ്ട്.

എ). രസീതുകൾ ക്രമ പ്രകാരം ഉപയോഗിക്കുന്നില്ല.

2018-19 വർഷം രസീത് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ആകെ 10 രസീത് ബുക്ക് ഇഷ്യൂ ചെയ്തിട്ടുണ്ട്. ഈ രസീതുകൾ കളക്ഷൻ രജിസ്റ്റർ പേജ് 108 മുതൽ 148 വരെ രേഖപ്പെടുത്തി അടച്ചിട്ടുണ്ട്. എന്നാൽ രസീതുകൾ ക്രമപ്രകാരമായി ഉപയോഗിച്ചിട്ടില്ല. ഉദാഹരണത്തിന് പേജ് 108 ൽ രസീത് നം. 3930 ൽ 1 മുതൽ 25 വരെ രേഖപ്പെടുത്തിയിട്ടുണ്ട്. പേജ് നം. 109 ൽ ഇതേ രസീത് ബുക്കിലെ 66 മുതൽ 90 വരെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പേജ് നം. 133 ൽ 137 വരെ രസീത് ബുക്ക് നം. 3938 ലെ രസീത് നം. 1 മുതൽ 100 വരെയും , പേജ് 137 ൽ 3937 രസീതിന്റെ 1 മുതൽ ഉള്ള രസീതും എഴുതിയിട്ടുണ്ട്.

ബി). കളക്ഷൻ രജിസ്റ്ററിൽ വെട്ടി തിരുത്തലുകൾ വരുത്തിയിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിവില്ലാത്തത് കൊണ്ടാണ് ഇപ്രകാരം സംഭവിച്ചത് എന്ന് അറിയിച്ചിട്ടുണ്ട്. രസീതുകളും കളക്ഷൻ രജിസ്റ്ററും അപാകതകളില്ലാതെ പരിപാലിക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-13 കെട്ടിട നിർമ്മാണാനുമതി-അപാകതകൾ

പഞ്ചായത്തിലെ 2018-19 വർഷത്തെ കെട്ടിടനിർമ്മാണാനുമതി ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

<u>കെട്ടിട നമ്പർ IV 68 B, 68C & 68D (കൊമ്പനാട് വില്ലേജ് ബ്ലോക്ക് 12 സർവ്വെ നമ്പർ 172/9, 172/4-1</u>

1). കെട്ടിടനിർമ്മാണം പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവത്ക്കരിക്കുമ്പോൾ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും ഈടാക്കേണ്ടതാണെന്ന് സർക്കാർ കത്ത് നം. 229813/ആർ ഡി 2/15/ത.സ്വ.ഭ.വ തീയതി 11.11.15 നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ് രാജിയാക്കൽ ഫീസായി ഈടാക്കേണ്ടത്. എന്നാൽ താഴെ ചേർത്തിട്ടുള്ള കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവത്ക്കരിക്കുന്നതിന് രാജിയാക്കൽ ഫീസ് മാത്രമേ ഈടാക്കിയിട്ടുള്ളൂ. താമസാവശ്യത്തിനുള്ള കെട്ടിടത്തിന് ചതുരശ്രമീറ്ററിന് 3/-രൂപയും താമസേതരാവശ്യത്തിനുള്ള കെട്ടിടത്തിന് 5/- രൂപയുമാണ് പെർമിറ്റ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ പെർമിറ്റ് ഫീസിന്റെ ഇരട്ടി മാത്രം ഈടാക്കിയതിനാൽ പഞ്ചായത്തിന് 6435/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.ക്രമവൽക്കരണ ഫീസിനത്തിൽ കുറവ് വന്ന 6435/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിശദവിവരം ഖണ്ഡിക നം.2-1ൽ ചേർത്തിട്ടുണ്ട്.

2). 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കിയ ഡാറ്റാബാങ്കിൽ നിലമെന്ന വിഭാഗത്തിലോ തണ്ണീർത്തടമെന്ന വിഭാഗത്തിലോ ഉൾപ്പെടാത്തതും എന്നാൽ റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമിയിൽ 40 ചതുരശ്ര മീറ്ററിൽ അധികരിക്കാത്ത വാണിജ്യ

കെട്ടിടത്തിന് മാത്രമേ അനുമതി നൽകാവൂ എന്നിരിക്കെ, ശ്രീ സജി കെ ഐ, കപ്പടയ്ക്കാമടത്തിൽ, കൊമ്പനാട് പി ഒ എന്ന വ്യക്തിയുടെ 401.21 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കോഴി ഷെഡ്ഡ് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ക്രമവൽക്കരിച്ച് നമ്പർ നൽകിയിട്ടുണ്ട്. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 27.02.2020 ലെ 11ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ടി സ്ഥലം മുന്നാധാരം, പഴയ ബി ടി ആർ എന്നിവയിൽ പുരയിടമാണെന്ന് വില്ലേജ് ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ബി ടി ആറിൽ തിരുത്തൽ വരുത്തുന്നതിന് നടപടികൾ എടുത്തുവരുന്നുണ്ടെന്നും, സ്ഥലം ഒരു സമയത്തും പുരയിടമായിരുന്നില്ലെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ നിലവിലുള്ള രേഖകളിൽ സ്ഥലം നിലം എന്ന് കാണുന്നതിനാൽ സ്ഥലത്തിന്റെ തരം മാറ്റാതെ 401.21 ചതുരശ്ര മീറ്റർ വാണിജ്യക്കെട്ടിടത്തിന് നമ്പർ അനുവദിച്ച് നൽകിയത് നിലവിലുള്ള കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ലംഘനമായി ഓഡിറ്റ് വിലയിരുത്തുന്നു. സ്ഥലത്തിന്റെ തരം മാറ്റി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# 1-14 കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട് - തുക കൈമാറിയത് ചെലവഴിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം. | S080/2018-19 |
| പ്രോജക്ട് പേര് | കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട് |
| നിർവ്വഹണം | അസി.സെക്രട്ടറി |
| അടങ്കൽ | 814900 |
| ചെലവ് | 50000 |
| ബിൽ നം. | 83/2018-19 – 25-03-2019 |

1. 2018-19 വർഷം 5 കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട് ആയി 10000/- രൂപ വീതം നൽകുന്നതിനായി 50000/- രൂപ നൽകിയിട്ടുണ്ട്. സി.ഡി.എസിന്റെ വേങ്ങൂരിലുള്ള ഫെഡറൽ ബാങ്ക് അക്കൗണ്ട് നം. 10620100093569 ലേക്കാണ് തുക നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.സെക്രട്ടറി കൈമാറിയിരിക്കുന്നത്. 25-03-2019 ൽ തുക ട്രഷറിയിൽ നിന്നും മാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഈ തുക (50000/-) കുടുംബശ്രീകൾക്ക് കൈമാറാതെ സി.എഡി.എസി ന്റെ ബാങ്ക് അക്കൗണ്ടിൽ തന്നെ നിക്ഷേപിച്ചിരിക്കുകയാണ്. പ്രോജക്ട് ഫയൽ പരിശോധിച്ചതിലും റിവോൾവിംഗ് ഫണ്ട് നൽകേണ്ട കുടുംബശ്രീകളുടെ വിവരങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം യാതൊരു വിവരങ്ങളും ഇല്ലാതെ സി.ഡി.എസിന്റെ അക്കൗണ്ടിലേക്ക് പ്ലാൻ ഫണ്ട് കൈമാറുകയും ഈ തുക നാളിതുവരെ (26-02-2019 ) ഗുണഭോക്താക്കൾക്ക് കൈമാറാതെ കുടുംബശ്രീയുടെ പൊതു അക്കൗണ്ടിൽ സൂക്ഷിക്കുകയും ചെയ്തത് അപാകതയാണ്. പ്രാദേശിക സാമ്പത്തിക വികസനം സാദ്ധ്യമാക്കുന്നതിന്

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാതെ തുക കൈമാറുകയും , ആയത് നാളിതുവരെ നിയമപ്രകാരം വിനിയോഗിക്കുകയും ചെയ്യാതിരുന്നതിന് വിശദീകരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

2. പ്രോജക്ടിൽ അടങ്കൽ തുകയായി ആകെ വകയിരുത്തിയത് 814900/- രൂപയാണ്. എന്നാൽ ചെലവഴിച്ചത് (സി.ഡി.എസിന്റെ അക്കൗണ്ടിലേക്ക് കൈമാറിയത് ) 50000/- രൂപയാണ്. ബാങ്കിൽ നിന്നുള്ള ലോൺ ഉൾപ്പെടുത്തിയാണ് പ്രോജക്ട് വച്ചിട്ടുള്ളത്. എന്നാൽ ലോൺ സംബന്ധിച്ച വിവരങ്ങൾ ഒന്നും പരിശോധിക്കാതെ, രേഖകളുടെ / അപേക്ഷകൾ ഇല്ലാതെയാണ് തുക കൈമാറിയത്.

3. 13ാം പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 6 ൽ റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ പറഞ്ഞിട്ടുണ്ട്. സംരഭകത്വ വികസനത്തിനായി തദ്ദേശസ്ഥാപനം പ്രോജക്ടിലൂടെ തുക റിവോൾവിംഗ് ഫണ്ടിലേക്ക് വകയിരുത്തുന്നതാണ്. റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ല. താത്ക്കാലികമായ പലിശ രഹിത പ്രോത്സാഹനം മാത്രമാണ്. പൊതു ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പകൂടി ഉപയോഗപ്പെടുത്തി കൃഷി,മൃഗ സംരക്ഷണം, ക്ഷീര വികസനം, ചെറുകിട വ്യവസായം,മത്സ്യ സംസ്കരണം എന്നീ മേഖലകളിൽ സംരഭകത്വം തുടങ്ങാൻ താത്പര്യമുള്ള ഗ്രൂപ്പുകൾക്കാണ് റിവോൾവിംഗ് ഫണ്ട് നൽകുന്നത്. എന്നാൽ മേൽ വിവരിച്ച കാര്യങ്ങൾ ഒന്നും തന്നെ വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ റിവോൾവിംഗ് ഫണ്ട് ചെലവുമായി ബന്ധപ്പെട്ട് ചെയ്തിട്ടില്ല.

4. പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 6-8 പ്രകാരം റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച ഒരു രജിസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്നതും അതിൽ ഓരോ സംരഭകർക്കും ഓരോ ഫോളിയോ നൽകി റിവോൾവിംഗ് ഫണ്ട് തവണ ഇടപാടുകളും ബാങ്ക് വായ്പ,കാലാവധി,പലിശനിരക്ക് എന്നിവയും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം പരിപാലിക്കുന്ന രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8 ന് ലഭ്യമാക്കിയ മറുപടിയിൽ കുടുംബ ശ്രീ റിവോൾവിംഗ് ഫണ്ട് എന്ന പ്രോജക്ടിന് പ്ലാൻ ഫണ്ട് 414900/- രൂപയും ബാങ്ക് ലോൺ ഇനത്തിൽ 400000/- രൂപയും അടങ്കൽ ആയി തുക വകയിരുത്തിയിരുന്നെങ്കിലും അപേക്ഷകർ കുറവായിരുന്നതിനാൽ തുക മുഴുവൻ ചെലവഴിക്കാൻ കഴിഞ്ഞില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക വർഷം അവസാനിക്കാറായപ്പോൾ CDS ചെയർപേഴ്സന്റെ ആവശ്യ പ്രകാരം 5 അപേക്ഷകർക്ക് 10000/- രൂപ 50000/- രൂപ അനുവദിച്ചതായും, 25-03-2019 ൽ CDS ന്റെ അക്കൗണ്ടിലേക്ക് 50000/- രൂപ കൈമാറിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക അപേക്ഷകർക്ക് കൈമാറുന്നതിനായി താമസം വന്നിട്ടുണ്ടെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള പലിശ രഹിത പ്രോത്സാഹനം മാത്രമാണ് . ഇത് ഒരു ധന സഹായമല്ല. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് - തവണ തുക തിരിച്ചടയ്ക്കേണ്ടത് ഈ ആവശ്യത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ ആരംഭിക്കുന്ന റിവോൾവിംഗ്

ഫണ്ട് റിക്രൂപ്പ്മെന്റ് ബാങ്ക് അക്കൗണ്ടിലേക്കാണ്. റീ ക്രൂപ്പ്മെന്റ് തുകയും , അടുത്ത വർഷം തദ്ദേശ സ്ഥാപനം വകയിരുത്തുന്ന തുകയും ചേർന്നതാണ് വരും വർഷത്തെ റിവോൾവിംഗ് ഫണ്ട് . പ്രോജക്ട് തുക ട്രഷറിയിൽ നിന്നും പിൻവലിക്കുകയും, ആയത് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് യഥാസമയം കൈമാറുകയും ചെയ്യാതെ, സി.ഡി.എസി. ന്റെ പൊതു അക്കൗണ്ടിൽ സൂക്ഷിക്കുകയും ആണ് ചെയ്തിരിക്കുന്നത്. ഓഡിറ്റ് നടക്കുന്ന കാലയളവ് വരെ (29-02-2020) തുക ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടില്ല. പ്രോജക്ടിനായി പിൻവലിച്ച 50000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 1-15 തെങ്ങിൻ തൈ വിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ -ചെലവ് തുക 200000 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 50/19 |
| ആകെ ചെലവ് | 200000/- രൂപ പ്ലാൻ വിഹിതം 150000/- രൂപ) |
| ബിൽ നമ്പർ,തിയതി | 13/18-19 /19-03-19 |

മേൽ പ്രോജക്ട് പ്രകാരം വി.എഫ്.പി.സി.കെ. ക്ക് 150000 രൂപ തെങ്ങിൻ തൈകളുടെ വിലയായി നല്കിയിട്ടുണ്ട്. എന്നാൽ വി.എഫ്.പി.സി.കെ. യുടെ ബിൽ,ഇൻവോയ്സ് എന്നിവ ഇല്ല. പദ്ധതിമാർഗ്ഗരേഖ പ്രകാരം തെങ്ങിൻതൈകൾ മുതലായവ പഞ്ചായത്ത് ഗുണഭോക്തൃവിഹിതം സ്വീകരിച്ച് കൃഷിഭവൻ മുഖേന ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അംഗീകൃതപദ്ധതി പ്രകാരവും തദ്ദേശസ്ഥാപനത്തിൽ വിഹിതം അടക്കുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ഗുണഭോക്താക്കളിൽ നിന്ന് വിഹിതം പിരിച്ചതിന് രേഖകളില്ല. ഈ തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്ന് ചെക്ക് മുഖേന പിൻവലിച്ച് വി.എഫ്.പി.സി.കെ. ക്ക് കൈമാറിയതായും കാണുന്നില്ല. ഗുണഭോക്താക്കൾ ഈ പദ്ധതിക്ക് നിശ്ചിത തുക ചെലവ് ചെയ്തിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ തെങ്ങിൻതൈകളുടെ വിലയായി ആനുപാതികമായ തുകനിശ്ചയിച്ച് ആ തുകക്കുള്ള തെങ്ങിൻതൈകൾ അനുവദിക്കാവുന്നതാണെന്നുള്ള വാല്യേഷൻ റിപ്പോർട്ട് ആണ് ഹാജരാക്കിയിരിക്കുന്നത്. തെങ്ങിൻതൈകളുടെ വിതരണം എന്ന ഇനത്തിന് ഇത്തരത്തിൽ ഗുണഭോക്താവ് നേരിട്ട് ചെലവ് ചെയ്തിട്ടുള്ള തുക കണക്കാക്കി സബ്സിഡി തുക മാത്രം ചെലവ് ചെയ്ത് പദ്ധതി നടപ്പാക്കാൻ വ്യവസ്ഥയില്ല. ഒരു തെങ്ങിൻതൈക്ക് 100/- രൂപ പദ്ധതി വിഹിതവും 50/- രൂപ ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ ആകെ 150/- രൂപയാണ് വിലയായി നിശ്ചയിച്ചിരുന്നത്. എന്നാൽ ഗുണഭോക്താക്കളിൽ നിന്ന് വിതരണം ചെയ്ത തൈകളുടെ എണ്ണത്തിന് ആനുപാതികമായിട്ടല്ല ഗുണഭോക്താക്കൾ ചെലവ് ചെയ്ത തുകയായി ആയി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥത്തിൽ വരേണ്ട ഗുണഭോക്തൃവിഹിതത്തേക്കാൾ ഉയർന്ന തുകകളാണ് രേഖപ്പെടുത്തിക്കാണുന്നത്. പ്ലാൻ സംബന്ധിച്ച സുലേഖ പ്രകാരമുള്ള റിപ്പോർട്ടിൽ ഇത് ആകെ ഗുണഭോക്തൃവിഹിതം പദ്ധതി

പ്രകാരം നിശ്ചയിക്കപ്പെട്ട 50000/- രൂപയിൽ നിജപ്പെടുത്തി രേഖപ്പെടുത്തിയതായും കാണുന്നു.1 മുതൽ 78 വരെ ക്രമനമ്പർ നല്കി ഹാജരാക്കിയ അപേക്ഷകളുടെ കൂട്ടത്തിൽ ക്രമനമ്പർ 73,74,75 എന്നീ നമ്പറുകളിലുള്ള മൂന്ന് അപേക്ഷകൾ, അനുബന്ധരേഖകൾ ഇവ ഇല്ല. ക്രമനമ്പർ 76 പ്രകാരം ഉള്ള അപേക്ഷകയായ നൈസി, കൊച്ചുകുടി ഹൗസ് - ന് 5400/- രൂപക്കുള്ള ആനുകൂല്യം ആണ് നല്കിയിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖ പ്രകാരം പരമാവധി 5000/- രൂപ മാത്രമാണ് അനുവദിക്കാവുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനും വി.എഫ്.പി.സി.കെ. യിൽ നിന്നുമുള്ള ബിൽ, ഗുണഭോക്തൃവിഹിതം പിരിച്ചതിന്റേയും വി.എഫ്.പി.സി.കെ. യിൽ അടച്ചതിന്റേയും വിവരങ്ങൾ എന്നിവ ലഭ്യമാക്കാനും ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ പദ്ധതിചെലവായ 200000/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-16 മുട്ടക്കോഴി വിതരണം അനർഹർക്ക് ആനുകൂല്യം നൽകി

ജി ഒ (എം എസ്) നം. 22/2018 ത സ്വ ഭ വ 14.02.2018 ഖണ്ഡിക 2.12 പ്രകാരം പൊതു വിഭാഗത്തിൽ രണ്ട് ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവർക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളൂ. എന്നാൽ വെറ്ററിനറി സർജൻ നടപ്പാക്കിയ മുട്ടക്കോഴി വിതരണ പദ്ധതിയിൽ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ അധികമുള്ള രണ്ട് ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ച് നൽകിയതായി കാണുന്നു. മാർഗ്ഗരേഖയിലെ വരുമാന പരിധി അനുസരിച്ച് പദ്ധതി നടപ്പാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-17 പാലിയേറ്റിവ് കെയർ രോഗീ ബന്ധു സംഗമം -ചെലവുകൾ മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല.

| | |
|---|---|
| പ്രോജക്ട് | 12/19, പാലീയേറ്റിവ് കെയർ- രോഗീ ബന്ധു സംഗമം |
| അടങ്കൽ | 671400/- |
| ചെലവ് | 30000/- |
| ബിൽ നം . | 13/7.3.19 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, സി എച് സി |

പാലിയേറ്റീവ് പരിചരണത്തെ സംബന്ധിച്ചുള്ള മാർഗ്ഗരേഖയിലെ (സ.ഉ.(സാധാ) നം.3217/2015/തസ്വഭവ/29.10.2015 നമ്പർ സർക്കാർ ഉത്തരവ്) ഖണ്ഡിക 2.6.13 പ്രകാരം പരിചരിക്കപ്പെടുന്ന രോഗികളുടെയും അവരുടെ ബന്ധുക്കളുടെയും പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സന്നദ്ധപ്രവർത്തകരുടെയും സംഗമം സംഘടിപ്പിക്കാവുന്നതാണ്. സംഗമത്തിൽ പങ്കെടുക്കുന്ന ഓരോരുത്തരുടെയും ഭക്ഷണത്തിനു വേണ്ടി 80/- രൂപാ വീതവും മറ്റു ചെലവുകൾക്കായി 3000/-രൂപയും ചെലവഴിക്കാവുന്നതാണ്. കൂടുതൽ തുക വേണ്ടി വരികയാണെങ്കിൽ ആയത് സ്പോൺസർഷിപ്പിലൂടെ കണ്ടെത്തേണ്ടതാണെന്നും നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ 231 പേർ പങ്കെടുത്ത മേൽ പരിപാടിയിൽ ഭക്ഷണചെലവിനായി 28532/-രൂപ, അതായത് ഒരാൾക്ക് 123.50 വീതം ,ചെലവഴിച്ചിട്ടുണ്ട്. കൂടാതെ വിവിധയിനങ്ങളിലായി 1468/-രൂപ ചെലവ് വന്നതിന്റെ രേഖകൾ ഫയലിൽ ചേർത്തിട്ടുണ്ട്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഭക്ഷണചെലവിലേയ്ക്കായി 10,052/-രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. ഈയിനത്തിൽ പരമാവധി ചെലവഴിക്കാവുന്ന തുക 18480/-(231 x 80) ആണ്. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറി നം. 4 (25.2.20) ന്, 350 ആളുകൾക്ക് ഭക്ഷണം കരുതിയെങ്കിലും 231 പേരാണ് വന്നതെന്നും അതിനാൽ അധികചെലവ് ഉണ്ടായെന്നും മറുപടി നല്കി. പാലിയേറ്റീവ് പദ്ധതിക്കായുള്ള ചെലവുകൾക്ക് മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# 1-18 പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗരേഖകൾ ലഭ്യമാക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 22/19, കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 500000/- (വികസന ഫണ്ട് ജനറൽ ) |
| ചെലവ് | 5,00,000/- |
| ബിൽ നമ്പർ | 3/18-19 തീയതി 31.12.18 തുക 400000/-<br>4/18-19 തീയതി 14.03.19 തുക 100000/- |
| നിർവ്വഹണം | വെറ്റിനറി സർജൻ |

വെറ്റിനറി സർജൻ നിർവ്വഹണം നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 2018-19 ൽ 500000/- രൂപ പ്രോജക്ട് ഓഫീസർ, ആലുവയ്ക്ക് കൈമാറിയിട്ടുണ്ട്. 80 കന്നുകുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പദ്ധതി നടത്തിപ്പിന്റെ ചെലവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ക്ഷീരവികസനം ലക്ഷ്യമിട്ട് 4 മുതൽ 32 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ, മരുന്ന്, വാക്സിനേഷൻ, ഇൻഷുറൻസ് എന്നിവ ലഭ്യമാക്കുന്നതിനാണ് തുക കൈമാറുന്നത്.

എന്നാൽ കൈമാറിയ മുഴുവൻ തുകയും കാര്യക്ഷമമായി വിനിയോഗിച്ചോ എന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല. ക്ഷീര വികസനം ലക്ഷ്യമിട്ട് കൈമാറുന്ന തുക ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ എന്ന് തുക കൈമാറിയതിനുശേഷം നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിക്കുന്നില്ല. പദ്ധതി പൂർത്തിയാകുന്നതിന് മുൻപ് കന്നുകുട്ടികൾ ചത്തു പോകുകയോ, മറ്റ് കാരണങ്ങളാൽ തുക മിച്ചം വരികയോ ചെയ്താൽ പ്രോജക്ട് ഓഫീസറുടെ പക്കൽ തുക അവശേഷിക്കാറുണ്ട്. പദ്ധതി പൂർത്തീകരിച്ച് കൈമാറിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

# 1-19 തൊഴിലുറപ്പ് പദ്ധതി-അവലോകനം

2018-19 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 4319 |
| ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ | 8159 |
| നല്കിയ തൊഴിൽ ദിനങ്ങൾ | 101366 |
| 100 തൊഴിൽ ദിനങ്ങൾ നല്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 166 |
| 2018-19 വർഷത്തെ ആകെ ചെലവ് തുക | 28411803/- |

ഓഡിറ്റ് വർഷത്തിൽ തയ്യാറാക്കിയതും നടപ്പാക്കിയവയുമായ പ്രവൃത്തികളുടെ ഇനം താഴെപ്പറയും പ്രകാരമാണ്.

| തയ്യാറാക്കിയ പ്രവൃത്തികൾ | സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ | നടപ്പാക്കിയ പ്രവൃത്തികൾ |
|---|---|---|
| ഫലവൃക്ഷത്തൈകളുടെ നഴ്സറി നിർമ്മാണം | 8 | 4 |
| കിണർ നിർമ്മാണം | 12 | 0 |
| മണ്ണ് ജല സംരക്ഷണം | 158 | 133 |
| ലൈഫ് | 97 | 97 |
| കനാൽ പ്രവൃത്തികൾ | 73 | 70 |
| വ്യക്തിഗത കക്കൂസ് | 1 | 1 |

| | | |
|---|---|---|
| തോട് | 56 | 25 |
| JLG | 5 | 5 |
| ഇഷ്ടിക യൂണിറ്റ് | 4 | 4 |
| റോഡ് | 4 | 3 |
| തൊഴുത്ത് നിർമ്മാണം | 7 | 2 |
| അങ്കണവാടി | 1 | 0 |
| ഭൂവികസന പ്രവൃത്തികൾ | 25 | 20 |
| ആകെ | 451 | 364 |

ത സ്വ ഭ വ സെക്രട്ടറി (റൂറൽ) 29.03.18ൽ പുറപ്പെടുവിച്ച ഡി എസ് 2/288/2018 / തസ്വഭവ(1) ഉത്തരവിൽ എം ജി എൻ ആർ ഇ ജി എസ് പ്രവൃത്തികളുടെ ഭാഗമായി തയ്യാറാക്കുന്ന നഴ്സറികളിലെ മരങ്ങളുടെ പരിപാലന ചുമതല എ ഡി എസുകളെ ഏല്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിൽ 4 നഴ്സറികൾക്ക് സാങ്കേതികാനുമതി ലഭ്യമാകുകയും വാർഡ് 15, 13, 2 എന്നിവയിൽ യഥാക്രമം 2,1,1 എണ്ണം വീതം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള നഴ്സറികളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ്, ഇവ പരിപാലിക്കുന്ന എ ഡി എസിന്റെ വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ട് 27.02.2020 ൽ നൽകിയ 10ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് താഴെപ്പറയുന്ന മറുപടിയാണ് ലഭ്യമാക്കിയത്.

ബ്ലോക്കിൽ നിന്ന് ലഭിച്ച വിത്തുകൾ ഭൂരിഭാഗവും മുളച്ചിട്ടില്ല. 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ വാർഡ് 2 ലെ തൈകൾ ഒലിച്ച് പോയിട്ടുള്ളതും ആഗസ്റ്റ്- സെപ്റ്റംബർ മാസങ്ങളിലുണ്ടായ തുടർച്ചയായ മഴയിൽ ബാക്കി വാർഡുകളിലെ തൈകൾ നശിച്ച് പോയിട്ടുള്ളതിനാൽ നഴ്സറികൾ തുടർന്ന് പരിപാലിക്കുന്നില്ല.

സ്ഥാപിച്ച നഴ്സറികൾ പരിപാലിക്കാൻ കഴിയാതിരുന്നത് പദ്ധതി നടത്തിപ്പിലെ വീഴ്ചയാണ്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി തൊഴിലുറപ്പ് പദ്ധതികളുടെ മോണിട്ടറിംഗ് കൃത്യമായി നടത്തുന്നതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-20 വളർത്ത് നായകൾക്ക് ലൈസൻസ് ഉറപ്പ് വരുത്തുന്നില്ല.

പഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യപത്രിക പ്രകാരം പന്നികൾക്കും, നായകൾക്കും ലൈസൻസ് നൽകിയ ഇനത്തിലെ ആകെ വരവ് 190/-രൂപയാണ്. എന്നാൽ വെറ്റിനറി സർജൻ നടപ്പാക്കിയ പേവിഷ നിർമാർജനം (പ്രോജക്ട് നം.27/19) എന്ന പദ്ധതി പ്രകാരം ആകെ 327 നായകൾക്ക് പ്രതിരോധ വാക്സിൻ നൽകിയിട്ടുണ്ട്. ആയതിനാൽ നായകൾക്ക് തന്നെ 308 എണ്ണത്തിന് ലൈസൻസ് ഇല്ലായെന്ന് കാണുന്നു. 1998ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും, പട്ടികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ

28.09.2020 ലെ 13 ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഒന്നും ലഭ്യമാക്കിയിട്ടില്ല. പന്നികൾക്കും, പട്ടികൾക്കും ലൈസൻസ് നൽകൽ പഞ്ചായത്തിന്റെ അനിവാര്യ ചുമതല ആയിരിക്കെ, പഞ്ചായത്ത് നൽകുന്ന സേവനം ഉപയോഗിച്ച് പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്ന നായ്ക്കളുടെ പോലും ലൈസൻസ് ഉറപ്പാക്കാൻ സാധിക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്. ഫീസിനത്തിലെ വരവ് നഷ്ടവും ഇത് മൂലം ഉണ്ടാകുന്നുണ്ട്. ഭാവിയിൽ ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-21 പ്രളയക്കെടുതി ഡോക്യുമെന്റേഷൻ

248.01ച.കി.മീ. വിസ്തൃതിയിൽ 15 വാർഡുകളായി വിഭജിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ 209.1 ച.കി.മീ. വനവിസ്തൃതിയാണ്. ഭൂമിശാസ്ത്രപരമായ ഈ പ്രത്യേകത പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. അതിനിടയിൽ 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയം പഞ്ചായത്തിലെ വ്യക്തികൾക്കും, വസ്തുവകകൾക്കും നാശമുണ്ടാക്കിയിട്ടുണ്ട്. പെരിയാർ ഒരതിർത്തിയായ ഈ മലയോര പഞ്ചായത്തിൽ പാണിയേലി പോര് വിനോദ സഞ്ചാരകേന്ദ്രം, നിരവധി കൃഷിയിടങ്ങൾ, വീടുകൾ പ്രളയബാധിതമായി. 7വാർഡുകളിലാണ് പ്രധാനമായും പ്രളയക്കെടുതികൾ ഉണ്ടായത്. അതിൽതന്നെ 2, 3, 4 വാർഡുകളെ രൂക്ഷമായി പ്രളയം ബാധിച്ചു. 4 ാം അങ്കണവാടിയിലും വെള്ളം കയറി. പ്രളയക്കെടുതികൾ, പ്രളയബാധിതമായ പ്രദേശങ്ങൾ, പ്രളയത്തിന്റെ തീവ്രത, കൈക്കൊണ്ട ദുരിതാശ്വാസ നടപടികൾ എന്നീ കാര്യങ്ങളുടെ ഡോക്യുമെന്റേഷൻ ഭാവിയിൽ ഇത്തരമൊരു പ്രകൃതിക്ഷോഭം നേരിടേണ്ടി വരികയാണെങ്കിൽ കൈക്കൊള്ളേണ്ട മുൻകരുതൽ നടപടികൾക്കും, അതോടൊപ്പം 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തെക്കുറിച്ച് ഭാവി തലമുറയ്ക്ക് മനസ്സിലാക്കാനും പ്രയോജനപ്പെടുന്നതാണ്. അതിനാൽ പ്രളയക്കെടുതി ഡോക്യുമെന്റേഷനുവേണ്ടി ഭരണസമിതി ശ്രമിക്കേണ്ടതാണ്.

# 1-22 വെള്ളക്കരം അടവാക്കിയ തുക കുടിശ്ശിക ഡിമാന്റിൽ നിന്ന് കുറവ് ചെയ്തില്ല

158 സ്ട്രീറ്റ് ടാപ്പുകൾ ഉള്ള പഞ്ചായത്തിന്റെ പ്രതിമാസ വെള്ളക്കരം 69125/- രൂപയാണ്. ഈ തുക കൃത്യമായി അടവാക്കി പോകുന്നുണ്ട്. 8-3-2019 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം മുൻകാല കുടിശ്ശികയായി 24732553/- രൂപയും ഈയിനത്തിലുള്ള പിഴപ്പലിശ 405281/- രൂപയുമാണ്. 3-2-2020 ലെ ഡിമാന്റ് നോട്ടീസ് പ്രകാരംകുടിശ്ശിക തുക 29984974/ രൂപയും പിഴപ്പലിശ 501374/- രൂപയുമാണ്. ഓരോ മാസവും 2% നിരക്കിലാണ് പിഴപ്പലിശ കൂട്ടുന്നത്. ഏത് വർഷം മുതലുള്ള കുടിശ്ശികയാണെന്ന് വ്യക്തമല്ല. എന്നാൽ 2008-09 മുതൽ 2018-19 വരെ 2019-20 സ്രോതസ്സിൽ നിന്ന് കിഴിവ് ചെയ്തും, തനത് ഫണ്ട്, പ്ളാൻ ഫണ്ട് പദ്ധതികളിലായി 23963690/- അടവാക്കിയത് വിശദാംശങ്ങളടക്കം 19-12-19 ലെ എ2-4500/19 കത്ത് മുഖേന എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി എച് ഡിവിഷൻ ആലുവയെ അറിയിച്ചിട്ടുണ്ടെങ്കിലും 3- 2-2020 ലെ ഡിമാന്റ് നോട്ടീസിലും ഈ തുക കുറവ് ചെയ്തിട്ടില്ല. താരതമ്യേന തനത് വരുമാനം കുറവായ

പഞ്ചായത്തിന് വെള്ളക്കരം കുടിശ്ശിക വലിയൊരു സാമ്പത്തിക ബാധ്യതയാണ്. അടവാക്കിയ തുക കുടിശ്ശികയിൽ നിന്ന് കുറവ് ചെയ്യുന്നതോടൊപ്പം ഡിമാന്റ് നോട്ടീസ് പ്രകാരം മാസം തോറും വർദ്ധിച്ച് വരുന്ന കുടിശ്ശിക ഒഴിവാക്കി കിട്ടാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 1-23 ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് തുക അടവാക്കി

1. ദിവസവേതന ഡ്രൈവർക്ക് സർക്കാർ ഉത്തരവിൽ അധികരിച്ച് വേതനം നൽകിയത് സംബന്ധിച്ച് നൽകിയ 25.02.2020 ലെ 2ാം നമ്പർ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് 27.02.2020 ലെ 119050104525 നം. രസീത് മുഖേന 5150/-രൂപ അടവാക്കി.
2. വാർത്താ വിനിമയഗോപുരങ്ങളുടെ അനുബന്ധ കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് ഈടാക്കാത്ത് സംബന്ധിച്ച് 27.02.2020 ന് ഓഡിറ്റ് എൻക്വയറി നം. 11 നൽകിയതിനെത്തുടർന്ന് 28.02.2020 ലെ 119050400021, 1190504000212, 119050104597, 119050104608 എന്നീ രസീതുകൾ മുഖേന 219/-രൂപ അടവാക്കി.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 2-1 കെട്ടിട നിർമ്മാണാനുമതി-ഫീസ് ഈടാക്കിയതിൽ കുറവ്

പഞ്ചായത്തിലെ 2018-19 വർഷത്തെ കെട്ടിടനിർമ്മാണാനുമതി ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകത ശ്രദ്ധയിൽപ്പെട്ടു.

കെട്ടിടനിർമ്മാണം പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവത്ക്കരിക്കുമ്പോൾ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും ഈടാക്കേണ്ടതാണെന്ന് സർക്കാർ കത്ത് നം. 229813/ആർ ഡി 2/15/ത.സ്വ.ഭ.വ തീയതി 11.11.15 നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ് രാജിയാക്കൽ ഫീസായി ഈടാക്കേണ്ടത്. എന്നാൽ താഴെ

ചേർത്തിട്ടുള്ള കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവത്ക്കരിക്കുന്നതിന് രാജിയാക്കൽ ഫീസ് മാത്രമേ ഈടാക്കിയിട്ടുള്ളൂ. താമസാവശ്യത്തിനുള്ള കെട്ടിടത്തിന് ചതുരശ്രമീറ്ററിന് 3/-രൂപയും താമസേതരാവശ്യത്തിനുള്ള കെട്ടിടത്തിന് 5/- രൂപയുമാണ് പെർമിറ്റ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം/ വിസ്തീർണ്ണം (ച.മീ ) | ഈടാക്കേണ്ടിയിരുന്ന ഫീസ് (രൂപ) | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | XII/2013 | സാജു പോൾ, പന്തലാങ്കൽ, വേങ്ങൂർ | താമസം, 78.07 | (78.07X3x2)+ (78.07x3)= 702 | 468 | 234 |
| 2 | XIV/295 B | എൻ എം.മത്തായി നെടുമ്പിള്ളിൽ | വാണിജ്യം, 32.24 | (32.24X5X2)+ (32.24X5) =484 | 1380 | 691 |
| 3 | XIV/471 T | സാറാമ്മ, അരീക്കൽ, പാങ്കോട്ട് | താമസം, 155.67 | (155.67X3X2)+ (155.67X3) = 1401 | 4835 | 1483 |
| 4 | XIV/ 471 R, 471 S, 471 U, 471 V,471 W | സാറാമ്മ, അരീക്കൽ, പാങ്കോട്ട് | വാണിജ്യം , 327.8 | (327.8X5X2)+ (327.8X5) =4917 | | |
| 5 | XIV/ 125C &D | ജെയ്സൺ മാത്യൂ & ലീല , നെടുവംകുഴി, കൊമ്പനാട് | വാണിജ്യം, 404.14 | (404.14X5X2)+ (404.14X5) =6062 | 4041 | 2021 |
| 6 | IV 68 B, C, D | സജി കെ എ, കപ്പടയ്ക്കാമഠത്തിൽ, കൊമ്പനാട് പി ഒ | വാണിജ്യം, 401.21 | (401.21X5X2)+ (401.21 X5) =6018 | 4012 | 2006 |
| | | | | | ആകെ | 6435 |

ക്രമവത്ക്കരണ ഫീസിനത്തിൽ കുറവ് വന്ന 6435/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# <u>ഭാഗം -3</u>

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ഇല്ല

# <u>ഭാഗം -4</u>

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 14.06.2019 മുതൽ 15.06.2019 വരെ | കെ.എസ്.എ.ഇ.കെ.എം.(പി.ജി) 1227(4)/19 തീ. 29.07.2019 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 473800 | ക്ഷീരസഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 473800 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1600000 | 15/19 ലൈഫ് ഭവന പദ്ധതി | 1600000 | 0 |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 1500000 | 66/19<br>ലൈഫ് ഭവന പദ്ധതി<br>(എസ് സി പി) | 1500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1334086 | 67/19<br>ലൈഫ് ഭവന പദ്ധതി<br>(ടി എസ് പി) | 800000 | 534086 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 400000 | 10/19<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 680000 | 41/19<br>നെൽക്യഷി വികസനം കൂലിച്ചെലവ് സബ്സിഡി | 680000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 400000 | 10/19<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 378730 | 180/19<br>കണ്ണംപറമ്പ് കൊള്ളിമറ്റം കുടിവെള്ള പദ്ധതി | 0 | 378730 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 330000 | 140/19<br>പാലിന് സബ്സിഡി | 330000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1650600 | 15/19<br>ലൈഫ് ഭവന പദ്ധതി | 1600000 | 50600 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 622100 | 66/19<br>ലൈഫ് ഭവന പദ്ധതി എസ് സി | 622100 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 295929 | 67/19<br>ലൈഫ് ഭവന പദ്ധതി<br>(ടി എസ് പി) | 295929 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | 185/19<br>മേക്കപ്പാല എൽ പി എസ് അടുക്കള നിർമ്മാണം | 0 | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 570000 | 153/19<br>എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം | 359123 | 210877 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ | പ്രവൃത്തിയുടെ പേര് | ബിൽ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഏജൻസി | | നം | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
| കെ.എസ്.ഇ.ബി | 18/19 നിലവിലുള്ള ലൈനിൽ സ്ട്രീറ്റ് ലൈറ്റ് | 57/18-19 19.03.19 | 927000/- | പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കെ.എസ്.ഇ.ബി | 76/19 വൈദ്യുതി പോസ്റ്റ് സ്ഥാപിച്ച് പുതിയ ലൈൻ വലിക്കൽ | 1)37/18-19 21.12.18 2)76/18-19 25.03.19 3)59/18-19 19.03.19 | 189980/- 33701/- 673968/- | ,, | ,, |
| കെ.എസ്.ഇ.ബി | 217/19 സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 58/18-19 19.03.19 | 424319/- | ,, | ,, |
| കേരള ജല അതോറിറ്റി | 20/19 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 48/18-19 19.03.19 | 610000/- | ,, | ,, |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവനപദ്ധതി | 952/2010/ ത സ്വ ഭ വ 19.03.2010 | 11080000 | 2435414 (മുതൽ) 1879654 (പലിശ) | 1400000 | 0 | 1035414 (മുതൽ) 2015331 (പലിശ) |
| ലൈഫ് ഭവനപദ്ധതി | സ ഉ (എം എസ്) 2278/18/ ത സ്വ ഭ വ 18.08.2018 | 10744195 | - | - | - | 10744195 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിന് വരവില്ല.

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം.</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 113837135 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 106441304 |
| വരവിനങ്ങളിലുള്ള നഷ്ടം | 6435 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 250000 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | | | |

| | വരവിലെ നഷ്ടം | ചെലവ് നഷ്ടം | |
|---|---|---|---|
| 2-1 | 6435 | | ശ്രീ. എൻ എം മോഹനൻ,<br>സെക്രട്ടറി |
| ആകെ | 6435 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 50000 | അസിസ്റ്റന്റ് സെക്രട്ടറി |
| 1-15 | 200000 | ഫിലിപ് ജെ കാണാട്ട്, കൃഷി ഓഫീസർ |

നഷ്ടത്തിൻെറ വിവരം

കേന്ദ്ര / സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ.(സി)

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരംമേൽവിലാസം |
|---|---|---|
| ശ്രീ.എൻ.എം.മോഹനൻ,<br>സെക്രട്ടറി | സെക്രട്ടറി<br>വേങ്ങൂർ ഗ്രാമപഞ്ചായത്ത് | നിരപ്പേൽ, തെക്കുംഭാഗം,<br>തൃപ്പൂണിത്തുറ |
| ശ്രീ ഫിലിപ്പ് ജി റ്റി,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>കൃഷി ഭവൻ,വേങ്ങൂർ | കണ്ണാട്ട് വീട്,<br>തേവര |
| എൻ എ സുരേഷ്,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>വേങ്ങൂർ ഗ്രാമപഞ്ചായത്ത് | നമ്പ്യാളിൽ വീട്,<br>കാവുംപുറം, ഐമുറി പി ഒ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും | |
|---|---|---|

| വർഷം | പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 to 2004-05 | കെ.എസ്.എ.ഇ.കെ.എം.(പി2)787/15/ തീ.22.9.15 | 87 |
| 1998-99 | കെ.എസ്.എ.ഇ.കെ.എം.(പി2)763(ii)/2019/ തീ.06.07.19 | 1 |
| 1999-2000 | കെ.എസ്.എ.ഇ.കെ.എം.(പി2)763(iii)/2019/ തീ.06.07.19 | 8 |
| 2005-06 | എൽ എഫ് ഇ (പി2)1338/10 തീ.19.12.11 | 11 |
| 2006-07 | എൽ എഫ് ഇ (പി2)1339/10 തീ.19.12.11 | 10 |
| 2007-08 to 2010-11 | എൽ എഫ് ഇ (പി2)1612/12/തീ.1.9.12 | 11 |
| 2011-12 to 2012-13 | എൽ എഫ് ഇ (പി2)763(iv)/2019/ തീ.06.07.19 | 14 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി2)763(v)/2019/ തീ.06.07.19 | - |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി2)2243/16/ തീ.31.01.2017 | - |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി2)674/19/ തീ.26.7.19 | |
| 2017-18 | കെ.എസ്.എ.ഇ.കെ.എം.(പി2)161/19/ തീ.15-07-19 | |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

എറണാകുളം

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സർക്കാർ ഉത്തരവ് (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തുനികുതി സംബന്ധിച്ച ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

3. 2017-18 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം D& O ലൈസൻസ് ഫീസ് അഡ്വാൻസ് കളക്ഷൻ 133150/- രൂപയാണ്. എന്നാൽ 2018-19 ഡിസിബി രജിസ്റ്റർ പ്രകാരം ഈ ഇനത്തിലെ അഡ്വാൻസ് കളക്ഷനായി രേഖപ്പെടുത്തിയിരിക്കുന്നത് 132650/- രൂപയാണ്. (വ്യത്യാസം 500/-) 2017-18 ബാലൻസ് ഷീറ്റ് പ്രകാരം ലൈവ് സ്റ്റോക്ക് ലൈസൻസ് ഇനത്തിൽ അഡ്വാൻസ് കളക്ഷൻ ഇല്ല. എന്നാൽ ഡി.സി.ബി രജിസ്റ്ററിൽ 6500/- രൂപ അഡ്വാൻസ് കളക്ഷനായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഡെപ്യൂട്ടി ഡയറക്ടർ

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Vengoor Grama Panchayat in Ernakulam District for the year ended on 31.03.2019 in accordance with Section ‘ 4’ of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting Rules 2011, and guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions, and the Instructions vide G.O.(Rt) 1413/2018/ LSGD Dated. 22/05/2018.

In my opinion the Annual Financial Statement of Vengoor Grama Panchayat for the year 2018-19 subject to the observations in Annexure II, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

ANNEXURE II

Defects Identified on Verification of Annual Financial Statement of Vengoor Grama Panchayath for the year 2018-19

1. The accounts of property tax in AFS differs with the Sanchaya accounts.

2. Assets including Land has not been accounted properly and reconciled with the book values in the AFS.

3. As per B-9 schedule of 2017-18 Balance Sheet, advance collection of D&O Licence Fees is Rs.133150/- . But the advance collection under this head is recorded as Rs.132650/- in the DCB register of 2018-19.( difference Rs.500/-). No Advance collection in respect of Livestock licence is recorded in the Balance Sheet of 2017-18. But in the DCB register an advance collection of Rs.6500/- is taken into account.

DEPUTY DIRECTOR